**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4836** **13-03-2023 - ൽ മറുപടിയ്ക്ക്**

**മത്സ്യ സമൃദ്ധി പദ്ധതി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</td><td colspan="2">ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>മത്സ്യസമൃദ്ധി പദ്ധതിയിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കുമോ;</td><td>(എ)</td><td>2012 മുതൽ 2017 വരെയുള്ള കാലഘട്ടത്തിലാണ് മത്സ്യ സമൃദ്ധി പദ്ധതി ഫിഷറീസ് വകുപ്പിൽ നടപ്പിലാക്കിയത്. നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ മത്സ്യ സമൃദ്ധി പദ്ധതിയ്ക്ക് തുക വകയിരുത്തിയിട്ടില്ല.</td></tr>
<tr><td>(ബി)</td><td>മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഈ പദ്ധതിയിൽ ഓരോ വർഷവും എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?</td><td>(ബി)</td><td>ഉൾനാടൻ മേഖലയിലെ മത്സ്യകൃഷി വികസനത്തിനായി ഫിഷറീസ് വകുപ്പ് മുഖേന മത്സ്യ സമൃദ്ധി-1 പദ്ധതി 2012 മുതൽ 2015 വരെയുള്ള കാലഘട്ടത്തിലും മത്സ്യ സമൃദ്ധി-2പദ്ധതി, 2015 മുതൽ 2017 വരെയുള്ള കാലഘട്ടത്തിലുമാണ് നടപ്പിലാക്കിയത്. 2017 ന് ശേഷം മത്സ്യ സമൃദ്ധി പദ്ധതിയ്ക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. മുൻ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതിയ്ക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><table><tr><th>വർഷം</th><th>പദ്ധതിയുടെ പേര്</th><th>വകയിരുത്തിയ തുക (കോടിയിൽ)</th><th>ചെലവഴിച്ച തുക (കോടിയിൽ)</th></tr><tr><td>2016-17</td><td>മത്സ്യ സമൃദ്ധി</td><td>19.00</td><td>19.00</td></tr></table></td></tr>
</table>

സെക്ഷൻ ഓഫീസർ